# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3096 — 22.06.12-ലെ മറുപടിയ്ക്ക്

### ത്രിതല പഞ്ചായത്തുകളിലെ പദ്ധതി നിർവ്വഹണത്തിൽ കാലതാമസം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.എ.മാധവൻ:<br>ശ്രീ.വർക്കല കഹാർ:<br>ശ്രീ.കെ.അച്ചുതൻ:<br>ശ്രീ.വി.പി.സജീന്ദ്രൻ: | | ഡോ.എം.കെ.മുനീർ<br>(ബഹു:പഞ്ചായത്തുംസാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ത്രിതലപഞ്ചായത്തുകളിലെ പദ്ധതി നിർവ്വഹണത്തിൽ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | ഓരോ വർഷത്തേയ്ക്കും പദ്ധതികൾ തയ്യാറാക്കുന്ന രീതിയിൽ നിന്നും മാറി അടുത്ത അഞ്ചുവർഷത്തേയ്ക്കുള്ള പദ്ധതിയുടെ രൂപ രേഖ തയ്യാറാക്കാനും ഓരോ വർഷവും അടുത്ത രണ്ട് വർഷത്തേയ്ക്കുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഭാഗമായി സാങ്കേതിക ഉപദേശക സമിതി നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | ഉണ്ട്.നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിക്കുകയും മേലുദ്യോഗസ്ഥൻ പ്രോജക്ട് വിലയിരുത്തി സാങ്കേതിക അനുമതി അംഗീകാരം നൽകുകയുമാണ് ചെയ്യുന്നത്. ഓരോ രണ്ട് വർഷത്തേയ്ക്കുള്ള പദ്ധതികൾ മുൻകൂട്ടി തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. അംഗീകരിച്ച പ്രോജക്ടുകൾ ഡി.പി.സി പരിശോധനയ്ക്ക് സമർപ്പിച്ചാൽ മതിയാകും. |
| (സി) ഇതിന് പകരമായി എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സാങ്കേതിക വിദഗ്ധർ ഇല്ലാത്ത തദ്ദേശ സ്ഥാപനങ്ങൾക്ക് (മേഖലയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അഭാവത്തിൽ) സർക്കാർ/സ്വകാര്യ മേഖലകളിൽ നിന്നുമുള്ള സാങ്കേതിക വിദഗ്ദരെ ഉൾപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തോടെ ഒരു പ്രോജക്ട് ഫോർമുലേഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതും മേൽ പറഞ്ഞ പ്രകാരം നടപടി സ്വീകരിക്കേണ്ടതുമാണ്. പകരംസംവിധാനം പുതിയ മാർഗ്ഗ രേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ